# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3059** — **15.02.2013-ൽ മറുപടിക്ക്**

## സുനാമി ദുരന്ത പുനരധിവാസ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ. | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| .... | | .... |
| (എ) 2004 ഡിസംബർ 4-ന് ഉണ്ടായ സുനാമി ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിന് മുൻ സർക്കാർ ആരംഭിച്ച പദ്ധതികൾ പൂർണ്ണമായും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ? | (എ) | 2004 ഡിസംബർ 26-നുണ്ടായ സുനാമി ദുരന്തത്തെത്തുടർന്ന് താഴെപ്പറയുന്ന 4 പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളത്.<br>(1) **രാജീവ്ഗാന്ധി പാക്കേജ്** - കേന്ദ്രസഹായ പദ്ധതി 2009-ൽ പൂർത്തിയായി.<br>(2) **സുനാമി അടിയന്തിര സഹായപദ്ധതി** (ടീപ്പ്) എ.ഡി.ബി.സഹായ പദ്ധതി 2009 ഒക്ടോബർ 31-ന് പൂർത്തിയായി.<br>(3) **ജപ്പാൻ ദാരിദ്ര്യലഘൂകരണ പദ്ധതി** എ.ഡി.ബി. സഹായപദ്ധതി 2010 ഒക്ടോബറിൽ പൂർത്തിയായി.<br>(4) **സുനാമി പുനരധിവാസ പദ്ധതി** (റ്റി.ആർ.പി). അധിക കേന്ദ്രസഹായ പദ്ധതി തുടർന്നുവരുന്നു. |
| (ബി) ഇനിയും പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?<br><br>(സി) പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എന്താണ് തടസ്സമായി നില്ക്കുന്നതെന്നു പരിശോധിച്ചിട്ടുണ്ടോ ? | (ബി) യും (സി) യും | 2007-ൽ ആരംഭിച്ച സുനാമി പുനരധിവാസ പദ്ധതി (റ്റി.ആർ.പി)യിലെ ഏതാനും ചില പദ്ധതികൾ മാത്രമാണ് ഇനിയും പൂർത്തീകരിക്കാനുള്ളത്. തീരദേശത്ത് അപകടമേഖലയിൽ താമസിക്കുന്നവരെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് ഇതിൻപ്രകാരം വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതി 18 പദ്ധതിനിർവ്വഹണ യൂണിറ്റുകൾ വഴിയാണ് നടപ്പിലാക്കിവരുന്നത്. ഈ പദ്ധതി പ്രകാരം വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, കേരള വാട്ടർ അതോറിറ്റി തുടങ്ങിയ പദ്ധതി നിർവ്വഹണ യൂണിറ്റുകളിലെ ചില പദ്ധതികളും ഭവനനിർമ്മാണ പദ്ധതിയിൻ കീഴിലുള്ള ഏതാനും വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുമാണ് ഇനിയും പൂർത്തീകരിക്കുവാനുള്ളത്. പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തടസ്സമായി നില്ക്കുന്ന കാരണങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ട്. ഇവ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ (ജില്ല തിരിച്ച്) അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | |
|---|---|---|
| ദുരന്തബാധിതരുടെ ശേഷിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയെന്ന് പഠിച്ച് നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ ? | (ഡി) | സുനാമി ദുരന്തത്തിൽപ്പെട്ട് വീട് നഷ്ടപ്പെട്ടവർക്ക് സർക്കാർ ലഭ്യമാക്കിയ സ്ഥലത്ത് സന്നദ്ധ സംഘടനകളും സർക്കാർ ഏജൻസികളും ചേർന്ന് 3867 വീടുകൾ നിർമ്മിച്ചു നല്കിയിട്ടുണ്ട്. കൂടാതെ സുനാമി ദുരന്തബാധിതരുടെ പ്രശ്നങ്ങൾ രാജീവ്ഗാന്ധി പാക്കേജ്, സുനാമി അടിയന്തിര സഹായപദ്ധതി, ജപ്പാൻ ദാരിദ്ര്യ ലഘൂകരണ പദ്ധതി ഇവ മുഖേന നടപ്പിലാക്കികഴിഞ്ഞു. ശേഷിക്കുന്ന പ്രശ്നങ്ങൾക്ക് നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള റ്റിആർ.പി. പദ്ധതി പ്രകാരം വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

| പദ്ധതിനിർവ്വഹണ യൂണിറ്റ് | ആകെ പദ്ധതികൾ | | പൂർത്തീകരിച്ചവ | പൂർത്തീകരിക്കാനുള്ളവ | | പദ്ധതി പൂർത്തീകരണത്തിന് ഉണ്ടായിട്ടുള്ള തടസ്സം |
|---|---|---|---|---|---|---|
| വിദ്യാഭ്യാസ വകുപ്പ് | സ്കൂൾ കെട്ടിടങ്ങ-ളുടെ നിർമ്മാണം | 713 | 701 | കൊല്ലം | 8 | പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂൾ പി.ടി.എ. എന്നിവയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഈ ഏജൻസികളിൽ നിന്നുണ്ടായിട്ടുള്ള സാങ്കേതിക തടസ്സങ്ങളാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ കഴിയാതെ വന്നിട്ടുള്ളത്. |
| | | | | എറണാകുളം | 2 | |
| | | | | ആലപ്പുഴ | 2 | |
| | | | | ആകെ | 12 | |
| | ടോയ്‌ലറ്റ് ബ്ളോക്കു-കളുടെ നിർമ്മാണം | 1239 | 832 | ആലപ്പുഴ | 74 | |
| | | | | തൃശ്ശൂർ | 109 | |
| | | | | മലപ്പുറം | 139 | |
| | | | | കോഴിക്കോട് | 85 | |
| | | | | ആകെ | 407 | |
| സാമൂഹ്യ നീതി വകുപ്പ് | അംഗൻവാടികളുടെ നിർമ്മാണം | 306 | 291 | കൊല്ലം | 11 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നിർമ്മാണം നടന്നുവരുന്നത്. പൂർത്തിയാക്കാനുള്ള 15 കെട്ടിടങ്ങളും വിവിധ ഘട്ടങ്ങളിൽ പണി തടസ്സപ്പെട്ടിരിക്കുകയാണ്. റ്റി.ആർ.പി. പദ്ധതിയിലെ ജനറൽ പാക്കേജിൽ ഉൾപ്പെട്ട ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ നിർമ്മാണം ബന്ധപ്പെട്ട വകുപ്പുകൾ പ്ലാൻ ഫണ്ട് വഴിയോ തനത് ഫണ്ട് വഴിയോ തുക കണ്ടെത്തി പൂർത്തീകരിക്കേണ്ടതാ-ണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ. *460/2013/ഡി.എം.ഡി.* തീയതി, 23.1.2013. |
| | | | | ആലപ്പുഴ | 1 | |
| | | | | തൃശ്ശൂർ | 1 | |
| | | | | മലപ്പുറം | 1 | |
| | | | | കോഴിക്കോട് | 1 | |
| | | | | ആകെ | 15 | |
| കേരള വാട്ടർ അതോറിറ്റി | | 108 | 107 | കണ്ണൂർ | 1 | കണ്ണൂർ ജില്ലയിലെ മാടായി പഞ്ചായത്തിലെ റെയിൽവേ *ക്രോസിംഗ് പണി* ചെയ്യുന്നതിനുള്ള അനുവാദം 2012 ഫെബ്രുവരിയിൽ മാത്രമാണ് ലഭിച്ചത്. പലതവണ ടെൻഡർ ക്ഷണിച്ചിരുന്നുവെങ്കിലും ആരും ക്വോട്ട് ചെയ്യുവാൻ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തയ്യാറാകാത്തതും 2012 ഒക്ടോബറിൽ വീണ്ടും ടെൻഡർ ക്ഷണിക്കുകയും പ്രസ്തുത ടെൻഡർ ബോർഡിന്റെ പരിഗണനക്കുവേണ്ടി സമർപ്പിച്ചിരിക്കുകയുമാണ്. |
| ഭവനനിർമ്മാണ പദ്ധതി | ജനറൽ പാക്കേജ് | 9123 | 8600 | തിരുവനന്തപുരം | 255 | കുളത്തൂർ ഭവന പദ്ധതിയിലെ 255 വീടുകളുടെയും നിർമ്മാണം ഗുണഭോക്താക്കളുടെ തർക്കംമൂലമാണ് മുടങ്ങിയത്. ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്. |
| | | | | കൊല്ലം* | 1 | ഗുണഭോക്താവിന്റെ താല്പര്യക്കുറവ് |
| | | | | ആലപ്പുഴ | 136 | ഗുണഭോക്താക്കളുടെ താല്പര്യക്കുറവ് |
| | | | | തൃശ്ശൂർ | 1 | ഗുണഭോക്താവിന്റെ താല്പര്യക്കുറവ്. |
| | | | | കോർട്ട് സ്റ്റേ ചെയ്ത വീടുകളുടെ എണ്ണം | 123 | കോടതി വിധിമൂലം നിർമ്മാണം തടസ്സപ്പെട്ടു. ഇതിൽ 30 വീടുകളുടെ കാര്യത്തിൽ ഇപ്പോൾ കോടതിസ്റ്റേ നീക്കം ചെയ്തിട്ടുള്ളതാണ്. |
| | | | | കാസർഗോഡ് | 7 | കോടതി ഇടപെടൽ മൂലമുണ്ടായ താമസം |
| | | | | ആകെ | 523 | |
| | സ്പെഷ്യൽ പാക്കേജ് | 2561 | 2530 | കൊല്ലം | 12 | ഗുണഭോക്താക്കളുടെ താല്പര്യക്കുറവ് |
| | | | | ആലപ്പുഴ | 19 | ഗുണഭോക്താക്കളുടെ താല്പര്യക്കുറവ് |
| | | | | ആകെ | 31 | |

* *കൊല്ലം ജില്ലയിൽ QSSS മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവന്ന 560 വീടുകൾ* അവസാന ഘട്ട പണികൾ പൂർത്തിയാക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് നൽകാൻ കഴിഞ്ഞിട്ടില്ല.